**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 144** **07-06-2021 - ൽ മറുപടിയ്ക്ക്**

**മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കായംകുളം മണ്ഡലത്തിൽ നഗരസഭ, പഞ്ചായത്തുകൾ എന്നിവ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കായംകുളം നഗരസഭ എല്ലാവാർഡുകളിലും വാർഡ് ശുചിത്വാരോഗ്യ സമിതിയുടെ നേതൃത്വത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. മെയ് 19 മുതൽ 24 വരെയുള്ള തീയതികളിൽ വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. ദേവികുളങ്ങര പഞ്ചായത്ത് വാർഡുതല ആരോഗ്യ ശുചിത്വ പോഷണസമിതി കൂടി, 50 വീടിന് 5 അംഗങ്ങൾ എന്ന നിലയിൽ കുടുംബശ്രീ, സന്നദ്ധ പ്രവർത്തകൻ, യുവജന സംഘടനാ പ്രതിനിധികൾ എന്നിവരിൽ നിന്നും വാളണ്ടിയർമാരെ തെരഞ്ഞെടുത്ത് ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ചു. ടി ശുചിത്വ സ്ക്വാഡുകൾ പരിശീലനം നൽകുകയും ഗൃഹസന്ദർശനം നടത്തി ഉറവിട മാലിന്യ സംസ്കരണം നടത്തുകയും ചെയ്തു. ക്ലോറിനേഷൻ നടത്തി. ബോധവത്ക്കരണ ലഘുലേഖകൾ നൽകി. പൊതുസ്ഥലങ്ങളിലും സർക്കാർ ഓഫീസുകളിലും വീട്ടുകളിലും ഡ്രൈ ഡേ ആചരണം നടത്തിവരുന്നു. കണ്ടല്ലൂർ പഞ്ചായത്ത് എല്ലാവാർഡുകളിലും വാർഡ് ശുചീകരണ സമിതി കൂടി. ആക്ഷൻ പ്ലാൻ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി 15 വാർഡുകളിലായി 38 ഓടകൾ വൃത്തിയാക്കുകയും 1900 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഓട നിർമിക്കുകയും ചെയ്തു. കൃഷ്ണപുരം പഞ്ചായത്ത് ശുചിത്വമിഷൻ വിഹിതം ഉപയോഗിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. പത്തിയൂർ പഞ്ചായത്ത് - കൊതുക് നിവാരണവുമായി ബന്ധപ്പെട്ട് എല്ലാ വാർഡുകളിലും ഫോഗിംഗ്, ക്ലോറിനേഷൻ, വീട്ടുകളിൽ അണുനശീകരണം, മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്യൽ എന്നിവ |

| | | | |
|---|---|---|---|
| | | | നടത്തി. ബോധവത്ക്കരണ നോട്ടീസ് നൽകി. മെഡിക്കൽ ഓഫീസറെയും ഫാർമ്മസിസ്റ്റിനെയും കരാറടിസ്ഥാനത്തിൽ നിയമിച്ചു. കരിപ്പുഴ തോട്ടിലെ പോള രണ്ടുതവണ നീക്കം ചെയ്തു. വാർഡുതല സാനിട്ടേഷൻ സമിതിക്ക് തനത് ഫണ്ടിൽ നിന്നും 5000 രൂപ വീതം നൽകി. പുതിയ ഉത്തരവ് പ്രകാരം 5000 രൂപ കൂടി നൽകുന്നതാണ്. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് പ്രദേശത്തെ നീർച്ചാലുകളും ഓടകളും മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരിച്ചിട്ടുള്ളതും ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, വാർഡ് തല സാനിറ്റേഷൻ സമിതി, കുടുംബശ്രീ, സന്നദ്ധപ്രവർത്തകർ, യുവജനസംഘടനാ പ്രതിനിധികൾ എന്നിവരുടെ കൂട്ടായ്മയിലൂടെ ശുചീകരണ പ്രവർത്തനവും ബോധവത്കരണവും നടത്തി. ഹരിത കർമ്മസേന അംഗങ്ങൾ കോവിഡ് മാനദണ്ഡം പാലിച്ച് വീടുകളിലെയും സ്ഥാപനങ്ങളിലെയും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നു. ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് നീർചാലുകളുടെയും തൊടുകളുടെയും പുനരുദ്ധാരണം, ഉറവിട കൊതുകു നശീകരണം, വാർഡ് താൾ ക്ലോറിനേഷൻ എന്നിവ നടത്തി. |
| (ബി) | ഓടകൾ, നീരൊഴുക്കുചാലുകൾ, ചെറിയ കനാലുകൾ എന്നിവ വൃത്തിയാക്കി ജല നിർഗ്ഗമനം സുഗമമാക്കുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | കായംകുളം നഗരസഭ 44 വാർഡുകളിലും ഓട വൃത്തിയാക്കൽ, കാട്ടു വെട്ടിത്തെളിക്കൽ, പരിസര ശുചീകരണം, സ്പ്രേയിങ്, കൊതുകുനിവാരണത്തിനായി ഉറവിട നശീകരണം, ചെറിയ കനാലുകൾ വൃത്തിയാക്കൽ, ക്ലോറിനേഷൻ എന്നിവ നടത്തി. താലൂക്ക് ആശുപത്രിക്ക് സമീപവും റെയിൽവേ സ്റ്റേഷന് സമീപവും കാനകൾ വൃത്തിയാക്കി. ദേവികുളങ്ങര പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ഗ്രാമപ്രദേശത്തെ തോടുകളുടെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 100000/- രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ള പദ്ധതി ഏറ്റെടുത്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഓടയുടെ ശുചീകരണം നടത്തി. കണ്ടല്ലൂർ പഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് നീരൊഴുക്കുചാലുകൾ തുടങ്ങിയ ശുചീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതുമാണ്. കൃഷ്ണപുരം പഞ്ചായത്ത് പ്രത്യേക പദ്ധതികൾ ഇല്ലെങ്കിലും ശുചീകരണത്തിന്റെ ഭാഗമായി ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. പത്തിയൂർ |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് മലയിൻതോട് ശുചീകരണത്തിനായി സൈഡ് വാൾ നിർമ്മാണത്തിന് 807500 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടി. പോളേചാലിലെ പായൽ നീക്കം ചെയ്യാൻ പദ്ധതി തയ്യാറാക്കി വരുന്നു. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് വാർഡ് തല സാനിറ്റേഷൻ സമിതി രൂപീകരിച്ച് എല്ലാ വാർഡിലെയും ഓടകളും നീരൊഴുക്കുകളും വൃത്തിയാക്കുന്നതിന് തീരുമാനിച്ചു. മൂന്ന് വാർഡുകളിലെ നീരൊഴുക്ക് സുഗമമാക്കി. വാർഡ് 10ലെ കൊച്ചുതോട് വൃത്തിയാക്കി ജലനിർഗമനം സുഗമമാക്കി. പൊതുകുളങ്ങൾക്ക് ചുറ്റും കമ്പിവേലി സ്ഥാപിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ നടപടി. ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് ഒതളപ്പുഴ തോട് പുനരുദ്ധാരണം (6 റീച്), ചങ്ങായിൽ തോട് പുനരുദ്ധാരണം, കുനംകുളങ്ങര തോട് പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ